**Lalith Babu**

**വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷക്ക് മറുപടി നൽകേണ്ടത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മാത്രമാണ്**

i. അപ്പീൽ ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 'സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ' മുമ്പാകെ ആണ്. ഇതിന് മറുപടി നൽകിയിരിക്കുന്നത് 'എക്സിക്യൂട്ടീവ് എഞ്ചിനീയർ' ആണ്. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകേണ്ടത് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലക്കാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന നിലക്ക് മറുപടി നൽകിയത് നിയമാനുസൃതമല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

ii. അപ്പീൽ ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീലിന മറുപടി നൽകിയിരിക്കുന്നതും എക്സിക്യൂട്ടീവ് എഞ്ചിനീയറാണ. ഒന്നാം അപ്പീലിന മറുപടി നൽകേണ്ടത അപ്പീൽ അധികാരിയായി സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനാണ്. ഒന്നാം അപ്പീലിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയത് നിയമാനുസൃതമല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

iii. വിവരാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ചാൽ അത് തീർപ്പാക്കി ൩൦ ദിവസത്തിനുള്ളിൽ മറുപടി നൽകേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ വിവരാവകാശ നിയമം ൭(൧) വകുപ്പ് പ്രകാരമുള്ള അറിയിപ്പ് നൽകുകയാണ് വേണ്ടത്. ഇവിടെ, അപ്പീൽ ഹർജിക്കാരി യുടെ അപേക്ഷക്ക് മറുപടി നൽകിയത് നിയമാനുസൃമല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

iv. അപ്പീൽ ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയും ഒന്നാം അപ്പീലും തീർപ്പാക്കുന്നതിൽ എതൃകക്ഷികളുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ ശരിയായി മനസിലാക്കാത്തതുമൂലമാണ് എതൃകക്ഷികളുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിരിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിച്ചു. വിവരാവകാശ നിയമം ൨൦൦ വകുപ്പ് പ്രകാരമുള്ള പിഴ ശിക്ഷ ക്ഷണിച്ചു വരുത്തുന്ന വീഴ്ചയാണ് എതൃകക്ഷികളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്.

൫. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

i. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഇതിനകം നൽകിയിട്ടുള്ളതിനാൽ അപേക്ഷ തീർപ്പാക്കി മറുപടി ലഭിച്ചില്ലെന്ന പരാതിയിൽ നടപടി അവസാനിപ്പിക്കുന്നു.

ii. അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷ നിയമാനുസൃതം തീർപ്പാക്കുന്നതിൽ എതൃകക്ഷികളുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ മനസിലാക്കുവാനും അതനുസരിച്ച് പ്രവൃത്തിക്കാനും ശ്രമിക്കാത്തതിനാലാണ് ഇത്തരം വീഴ്ചയുണ്ടായിട്ടുള്ളത്. നിയമത്തെ കുറിച്ചുള്ള അജ്ഞത പിഴ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള മതിയായ കാരണമല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. എന്നിരുന്നാലും, വിവരം നിഷേധിക്കണമെന്ന ദുരുദ്ദേശം എതൃകക്ഷികൾക്കുണ്ടായിരുന്നില്ലെന്ന് കാണുന്നതിനാലും എതൃകക്ഷികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയിൽ അപ്പീൽ ഹർജിക്കാരിയോട് ഇതിനകം ഖേദം രേഖപ്പെടുത്തിയിരിക്കുന്നതിനാലും എതൃകക്ഷികളുടെ മേൽ വിവരാവകാശ നിയമപ്രകാരമുള്ള പിഴ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിക്കുന്നു. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടായാൽ കർശന നടപടിയുണ്ടാകുമെന്ന് എതൃകക്ഷികൾക്ക് കമ്മീഷൻ താക്കീത് നൽകുന്നു.